# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ തർസീഷ്യസ്



മൂന്നാം നൂറ്റാണ്ടിൽ റോമിൽ രക്തസാക്ഷിത്വം വരിച്ച ഒരു ബാലനാണ് തർസീഷ്യസ്. ആദിമസഭയുടെ കാലത്തെ ഒരു അൾത്താരബാലനായിരുന്ന തർസീഷ്യസ് എന്നുവേണമെങ്കിൽ പറയാം. സഭ വളർന്നുതുടങ്ങിയ കാലമായിരുന്നു അത്. വലേറിയൻ ചക്രവർത്തി റോം ഭരിക്കുന്നു. ക്രിസ്ത്യാനികളായുള്ളവർക്കെല്ലാം പീഢനകാലം . ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എന്ന തോന്നുന്നവരെയെല്ലാം തടവിലാക്കുകയും യേശുവിലുള്ള വിശ്വാസം തള്ളിപ്പറയാത്തവരെ കൊന്നൊടുക്കുകയും ചെയ്തിരുന്ന സമയത്ത് രഹസ്യമായാണ് ക്രൈസ്തവർ ഒത്തുചേരുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നത്. നാലാം നൂറ്റാണ്ടിൽ പോപ് ഡമാസസ് എഴുതിയ ഒരു കവിതയിലാണ് തർസീഷ്യസിന്റെ കഥ പറയുന്നത്.

ക്രൈസ്തവ കൂട്ടായ്മയിൽ സജീവമായി പങ്കെടുക്കുകയും ഭക്തിപൂർവ്വം പ്രാർത്ഥിക്കുകയും വിശ്വാസപൂർവ്വം വി. കുർബാന കൈക്കൊള്ളുകയും ചെയ്തിരുന്ന ബാലനായിരുന്നു തർസീഷ്യസ്. സഭാ പിതാക്കന്മാർ ഈ മിടുക്കന്റെ സാമർത്ഥ്യം മനസ്സിലാക്കിയിരുന്നു. റോമിലെ ചില അക്രൈസ്തവ മതങ്ങളുടെ വിശ്വാസികൾ ഒരു വലിയ വിഭാഗം ക്രൈസ്തവരെ തടവിലാക്കിയിരുന്നു. ഇവർക്ക് രഹസ്യമായി വി.കുർബാന നൽകുവാൻ തർസീഷ്യസ് വഴികണ്ടെത്തി. എന്നും തിരുവോസ്തിയുമായി രഹസ്യവഴിയിലൂടെ തടവറയ്ക്കു സമീപമെത്തി അവർക്ക് അത് കൈമാറി പോന്നു. എന്നാൽ അധികദിവസം അങ്ങനെ പോകാൻ തർസീഷ്യസിനു കഴിഞ്ഞില്ല. അവൻ പിടിക്കപ്പെട്ടു. പടയാളികൾ വി. കുർബാന അവരുടെ കൈയ്യിൽ കൊടുക്കുവാൻ ആവശ്യപ്പെട്ടു, പവിഴമുത്തുകൾ പന്നിക്കൂട്ടങ്ങൾക്കു കൊടുക്കാനുള്ളതല്ല എന്നായി അദ്ദേഹം.

തിരുവോസ്തിക്കുവേണ്ടി അവർ തർസീഷ്യസിനെ മർദ്ദിച്ചു. അവസാനം ശ്വാസം വിട്ടുപോകുന്നതുവരെയും അവൻ അതു കൊടുത്തില്ല. തർസീഷ്യസ് മരിച്ചു കഴിഞ്ഞുവെന്നു മനസ്സിലായപ്പോൾ അവർ അവന്റെ കൈകളിലും വസ്ത്രങ്ങളിലുമെല്ലാം തിരുവോസതി കണ്ടെത്താനായി തിരച്ചിൽ നടത്തി.എന്നാൽ അത് അപ്രത്യക്ഷമായിരുന്നു.അൾത്താര ബാലൻമാരുടെ മധ്യസ്ഥനായാണ് തർസീഷ്യസ് അറിയപ്പെടുന്നത്.

വിശുദ്ധ തർസീഷ്യസ്, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...